പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .4918 — 01.07.2013-ൽ മറുപടിക്ക്

## ട്രോളിംഗ് നിരോധനകാലത്ത് അനുവദിക്കുന്ന ആനുകൂല്യങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ട്രോളിംഗ് നിരോധനക്കാലത്ത് മത്സ്യമേഖലയിലെ തൊഴിലാളികൾക്കും കുടുംബങ്ങൾക്കും അനുവദിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) | ട്രോളിംഗ് നിരോധന കാലയളവിൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളി കുടുംബത്തിന് സൗജന്യറേഷൻ നൽകുന്നതിനായി 20 ലക്ഷം രൂപ ചെലവഴിക്കുന്നതിന് 26.06.13 ലെ സ.ഉ.(സാധാ)നം. 491/13/മതുവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. സമ്പാദ്യസമാശ്വാസ പദ്ധതിയുടെ ഭാഗമായി പഞ്ഞമാസങ്ങളായ മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ 600 രൂപ വീതം ആകെ 1800/- രൂപ ധനസഹായം നൽകുന്നു. കൂടാതെ സാമ്പത്തിക താങ്ങൽ പദ്ധതി (തണൽ) പ്രകാരം ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള ബയോമെട്രിക് കാർഡിന് എൻറോൾ ചെയ്ത മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും ധനസഹായമായി 1350 രൂപ ഒറ്റത്തവണയായി നൽകുന്നു. |
| (ബി) | പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ? | (ബി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും, വനിതകൾക്കും സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നു. യന്ത്രവൽകൃത ബോട്ടിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും പീലിംഗ് തൊഴിലാളികൾക്കും എ.പി.എൽ., ബി.പി.എൽ. വ്യത്യാസമില്ലാതെ ട്രോളിംഗ് നിരോധന കാലയളവിൽ സൗജന്യ റേഷൻ അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ